# 21.11.2016 ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ രണ്ടാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3 ന് കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വസതിയിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ. സി.പി. നായർ, ശ്രീമതി നീലാ ഗംഗാധരൻ, മെംബർ സെക്രട്ടറി ശ്രീ.സത്യജീത് രാജൻ എന്നിവർ പങ്കെടുത്തു.

ഭരണപരിഷ്കാര കമ്മീഷന്റെ നാളിതുവരെയുള്ള പ്രവർത്തനത്തെക്കുറിച്ച് യോഗം വിലയിരുത്തി. കമ്മീഷന്റെ സമീപനരേഖ, രീതിശാസ്ത്രം, സ്വീകരിക്കേണ്ട മറ്റു മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച് ചെയർമാൻ ആമുഖമായി വിശദീകരിച്ചു. സഹകരണ മേഖലയിലെ വിവിധ പ്രശ്നങ്ങൾ, പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പ്രശ്നങ്ങൾ, ഉന്നത രാഷ്ട്രീയ-ഉദ്യോഗസ്ഥ അഴിമതി കേസുകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നതിനുള്ള പ്രത്യേക കോടതികളുടെ രൂപീകരണത്തിനുള്ള സാധ്യത, കൂടാതെ കമ്മീഷന്റെ മുന്നോട്ടുള്ള പ്രവർത്തന പാതയിൽ ശ്രദ്ധ പതിയേണ്ട വിവിധ വിഷയങ്ങളെ സംബന്ധിച്ചും ഉൾക്കൊള്ളേണ്ട പ്രയോഗപദ്ധതികളെ സംബന്ധിച്ചുമുള്ള വിശദമായ കുറിപ്പ് ചെയർമാൻ അവതരിപ്പിച്ചു.

മുൻ റിപ്പോർട്ടുകളിലെ ഏതെങ്കിലും നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ കഴിയാത്ത വിധത്തിൽ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്താണെന്നു പരിശോധിച്ച് അത് മറികടക്കുന്ന രീതിശാസ്ത്രം വികസിപ്പിക്കണമെന്നും കമ്മീഷന്റെ നിർദ്ദിഷ്ട രീതിശാസ്ത്രത്തിലെ വ്യവഹാര രൂപങ്ങളിലെ അവ്യക്ത ദൂരീകരിച്ച് മുന്നോട്ടു പോകണമെന്നും കർമ്മസമിതികൾക്കുള്ള ചോദ്യാവലി തയ്യാറാക്കുന്നത് സംബന്ധിച്ചും പ്രതികരണങ്ങൾ ക്രോഡീകരിക്കുന്നത് സംബന്ധിച്ചും സൂക്ഷ്മാംശങ്ങൾ തീരുമാനിക്കപ്പെടണമെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. ഒന്നാംഘട്ട റിപ്പോർട്ടിലെ ശുപാർശകൾ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള പഠനത്തിനും വിശകലനത്തിനുമുള്ള റോഡുമാപ്പ് തയ്യാറാക്കണമെന്നും ആദ്യഘട്ട റിപ്പോർട്ടിൽ പരിഗണിക്കപ്പെടേണ്ടുന്ന വിഷയങ്ങളെ കുറിച്ചുള്ള പഠനത്തിനും അഭിപ്രായ രൂപീകരണത്തിനും ഇലക്ട്രോണിക് സമ്പർക്ക രീതികൾ അവലംബിക്കാവുന്നതാണെന്നും ചെയർമാൻ നിർദ്ദേശിച്ചു.

സഹകരണ മേഖലയിലെ നിക്ഷേപം വികസനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത, ജനങ്ങളുടെ ദൈനംദിന ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെടുന്ന വിവിധ ഓഫീസുകളെ ജനസൗഹൃദമാക്കുക തുടങ്ങിയ വിഷയങ്ങൾ കമ്മീഷന്റെ പരിഗണനയിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് മുൻകാല ഭരണപരിഷ്കാര കമ്മീഷനുകൾ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. പക്ഷേ നടപ്പാക്കപ്പെട്ടിട്ടില്ല. ഈ സർക്കാരും അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാൻ പ്രതിജ്ഞാബദ്ധമാണ്. കമ്മീഷന്റെ ശുപാർശകൾ പ്രാവർത്തികമാക്കപ്പെടാതെ

കിടക്കുന്നതിന്റെ കാരണങ്ങളിലേക്ക് പോകാതെ, യാന്ത്രികമായി വീണ്ടും അതേ ശുപാർശകൾ സമർപ്പിക്കുന്നതിൽ കാര്യമില്ല എന്ന് ചെയർമാൻ ചൂണ്ടിക്കാട്ടി.

കമ്മീഷന്റെ മുൻ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് കമ്മീഷൻ സംതൃപ്തി രേഖപ്പെടുത്തി. കമ്മീഷന്റെ പ്രവർത്തനത്തിൽ വീഴ്ച ഉണ്ടാകാൻ പാടില്ലെന്നും സമയബന്ധിതമായി തീരുമാനങ്ങൾ നടപ്പിലാക്കണമെന്നും കമ്മീഷന്റെ ശുപാർശകൾ കേരളത്തിന്റെ പ്രത്യേകതകളുള്ള ഭരണസംവിധാനത്തിന് അനുയോജ്യമായ രീതിയിലാകണമെന്നും അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഭരണസംവിധാനത്തിന്റെ കാര്യപ്രാപ്തി ഉയർത്തുന്നതിനും ആവശ്യമായ ശുപാർശകൾ ഉണ്ടാകണമെന്നും സർവ്വീസ് ഡെലിവറി സംബന്ധിച്ച് സൂക്ഷ്മമായ പഠനം ആവശ്യമാണെന്നും ആരോഗ്യ രംഗത്തും ഭക്ഷ്യസുരക്ഷാ മേഖലയിലും നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടാകണമെന്നും കമ്മീഷൻ അഭിപ്രായപ്പെട്ടു.

കമ്മീഷന്റെ പ്രവർത്തനം ശാസ്ത്രീയമായും സമഗ്രമായും സംഘടിപ്പിക്കേണ്ടതുണ്ടെന്നും കമ്മീഷന്റെ പഠനങ്ങൾ സംസ്ഥാനത്തിന്റെ സാഹചര്യങ്ങളോട് കൂടുതൽ താദാത്മ്യം പ്രാപിക്കേണ്ടതാണെന്നും അതിനായി കമ്മീഷന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് സഹായകമാകും വിധം പ്രമുഖ മാനേജ്മെന്റ് സ്ഥാപനങ്ങളുടെ വിദഗ്ധ സേവനം ലഭ്യമാക്കുന്നത് ഉചിതമാകുമെന്നും കമ്മീഷൻ നിരീക്ഷിച്ചു.

കമ്മീഷന്റെ ആസ്ഥാനം ഐ.എം.ജി യിലേക്കു തന്നെ നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കിയ സാഹചര്യത്തിൽ കമ്മീഷന്റെ പ്രവർത്തനം അവിടെ ആരംഭിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ ചർച്ച ചെയ്തു.

മേൽക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ ചർച്ചകൾക്കു ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

I. കമ്മീഷന്റെ സമീപന രേഖ, രീതിശാസ്ത്രം മുതലായവ രൂപപ്പെടുത്തുന്നതിന് കൺസൾട്ടൻസി അടിസ്ഥാനത്തിൽ പ്രമുഖ മാനേജ്മെന്റ് സ്ഥാപനങ്ങളായ ഐ.ഐ.എം കോഴിക്കോട്, ഐ.എം.ജി എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ സേവനം തേടാൻ തീരുമാനിച്ചു. ഇതിനുള്ള നടപടിക്രമങ്ങൾ പരമാവധി രണ്ട് മാസത്തിനുള്ളിൽ പൂർത്തികരിക്കേണ്ടതാണെന്നും നിശ്ചയിച്ചു.

II. കമ്മീഷന്റെ പ്രവർത്തനത്തിനായി അനുവദിച്ച ഓഫീസ് സജ്ജമാവുന്നതു വരെ സെക്രട്ടേറിയറ്റിൽ ഇപ്പോൾ കമ്മീഷൻ ഉദ്യോഗസ്ഥർ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്ന സ്ഥലം താല്ക്കാലികമായി കമ്മീഷൻ ആസ്ഥാനമാക്കി ഉപയോഗിക്കുന്നതിന് അനുവദിക്കണമെന്ന് സർക്കാരിനെ അറിയിക്കുവാൻ തീരുമാനിച്ചു.

III. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് സമഗ്രമായ വിശകലനം നടത്തി വ്യക്തമായ ശുപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതാണ്.

IV. കേരള ഭരണസംവിധാനത്തിന്റെ സമഗ്ര പഠനമാണ് കമ്മീഷന്റെ രൂപീകരണം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ പൊതുജനങ്ങളുടെ ദൈനംദിന ജീവിത സാഹചര്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടു നിൽക്കുന്ന റവന്യൂ, രജിസ്ട്രേഷൻ, ആഭ്യന്തരം, പൊതുവിതരണവും ഉപഭോക്തൃകാര്യവും, കൃഷി, സഹകരണം, വ്യവസായം, മോട്ടോർ വെഹിക്കിൾസ്, തദ്ദേശ സ്വയംഭരണം, സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം, വനം, ആരോഗ്യം ( basic health care), ട്രഷറി, പട്ടികജാതി /പട്ടികവർഗ്ഗ ക്ഷേമം, പിന്നോക്ക ക്ഷേമം, ന്യൂനപക്ഷ ക്ഷേമം, പ്രവാസി കാര്യം എന്നീ വകുപ്പുകൾക്കും വൈദ്യുതി ബോർഡ് , ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്കും പ്രാമുഖ്യം നൽകിയുള്ള പഠനം നടത്താമെന്ന് തീരുമാനിച്ചു.

V. 2016-17 ലേക്ക് കമ്മീഷന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള തുക ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ കമ്മീഷന്റെ ഓഫീസ് പ്രവർത്തനത്തിനായി ഒരു വാഹനം അടിയന്തിരമായി വാടകയ്ക്ക് എടുക്കുന്നതിന് തീരുമാനിച്ചു.

കമ്മീഷന്റെ അടുത്ത യോഗം 2017 ജനുവരി മാസം 16 ന് ചേരുന്നതിന് തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.45 ന് അവസാനിച്ചു.

----------